പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1327.

08.02.2013 ൽ മറുപടിക്ക്

**കൃത്രിമ വിലക്കയറ്റം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | കൃത്രിമ വിലക്കയറ്റത്തിന് കാരണമാകുന്ന കരിഞ്ചന്ത, പൂഴ്ത്തിവെയ്പ് എന്നിവ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; സ്വീകരിച്ച നടപടികൾ ഫലപ്രദമായിരുന്നോ എന്ന് വിലയിരുത്തിയിട്ടുണ്ടോ ; | (എ) | കൃത്രിമ വിലക്കയറ്റത്തിന് കാരണമാകുന്ന കരിഞ്ചന്ത, പൂഴ്ത്തിവെയ്പ് എന്നിവ തടയുന്നതിന് സംസ്ഥാനത്തെ റേഷൻ മൊത്ത/ചില്ലറ വ്യാപാര ഡിപ്പോകളിലെ പരിശോധന ഊർജ്ജിതമാക്കുവാൻ എല്ലാ ജില്ലകളിലും ജില്ലാതല സ്ക്വാഡുകളും സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന രണ്ട് സംസ്ഥാനതല സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. അവശ്യസാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും അവശ്യസാധനങ്ങളുടെ സ്റ്റോറേജ്, വിപണനം എന്നിവയ്ക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തി സ്റ്റോക്ക് പരിധി നിശ്ചയിച്ച് നടപ്പാക്കിവരികയും ചെയ്യുന്നു ; സ്വീകരിച്ച നടപടികൾ ഫലപ്രദമായിത്തന്നെ മുന്നോട്ടുപോകുന്നു; |
| (ബി) | ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പു സാമ്പത്തിക വർഷം ഇതുവരെ എത്ര റെയ്ഡുകൾ നടന്നു ; ഏതൊക്കെ വകുപ്പുകൾ ചേർന്നാണ് റെയ്ഡ് നടത്തിയത് ; | (ബി) | 14627 റെയ്ഡുകൾ; ഭക്ഷ്യ പൊതുവിതരണം, ലീഗൽ മെട്രോളജി, ആരോഗ്യ വകുപ്പിനുകീഴിലുള്ള ഫുഡ് സേഫ്റ്റി, പോലീസ്, നികുതി എന്നീ വകുപ്പുകൾ സംയുക്തമായാണ് റെയ്ഡുകൾ നടത്തിയത്; |

| | | | |
|---|---|---|---|
| (സി) | റെയ്ഡുകളുടെ ഫലമായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര വാഹനങ്ങൾ പിടിച്ചെടുത്തു; | (സി) | 953 കേസ്സുകൾ; 21 വാഹനങ്ങൾ; |
| (ഡി) | മറ്റ് വകുപ്പുകളെ ഏകോപിപ്പിച്ച് റെയ്ഡ് നടത്തുന്നതിൽ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ടോ ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ